# പോർക്കുളം ഗ്രാമപഞ്ചായത്ത്

തൃശൂർ ജില്ലയിലെ ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിലാണ് പോർക്കുളം സി.ഡി.സ് ഉൾപെടുന്നത്.13 വാർഡുകളുള്ള പഞ്ചായത്തിലെ ഭൂരിഭാഗം ആളുകളും കർഷകരും ചെറുകിട സംരംഭകരും തൊഴിലാളികളുമാണ്.

പോർക്കുളം പഞ്ചായത്തിലെ കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ എന്നും മികച്ച നിലവാരം പുലർത്തുന്നതാണ്.സി.ഡി.എസ് ചെർപേഴ്സണായ ശ്രീജ മണികണ്ഠൻ വൈസ് ചെർപേഴ്സൺ സിന്ധു ബാലൻ സി.ഡി.എസ് അക്കൗണ്ടന്റ് മഞ്ജുഷ എന്നിവർ ആണ് പോർക്കുളം പഞ്ചായത്തിലെ കുടുംബശ്രീയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്

കോവിഡ് മാഹാമാരി ലോകം മുഴുവൻ നാശം വിതക്കുന്ന ഈ കാലത്ത് പോർക്കുളം കുടുംബശ്രീ പ്രവർത്തകർ പ്രതിരോധ പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം ഏറ്റെടുക്കുകയുണ്ടായി.

## ത്രിതല സംഘടനാ ചലിപ്പിച്ചത്

സി.ഡി.എസ്, എ.ഡി.എസ്, അയൽക്കൂട്ട തലത്തിൽ യോഗങ്ങൾ ചേരാൻ കഴിയാത്തതിനാൽ വാട്സ്ആപ്പ് ഗ്രൂപ്പുകൾ വഴി അറിയിപ്പുകൾ അംഗങ്ങളിലേക്ക് എത്തിച്ചു. കൊറോണ ഭീതി നിറഞ്ഞു നിൽക്കുന്ന ഈ കാലഘട്ടത്തിലും പ്രവർത്തനങ്ങൾ മികച്ച രീതിയിൽ കൊണ്ട് പോകാൻ സാധിച്ചു.

## വാട്സ്ആപ്പ് ഗ്രൂപ്പ്

സി.ഡി.എസ്, എ.ഡി.എസ്, അയൽക്കൂട്ട തലത്തിൽ വാട്സാപ്പ് ഗ്രൂപ്പ് രൂപികരിച്ചു.കൊറോണ ബോധവത്കരണത്തിനും പ്രതിരോധ പ്രവർത്തങ്ങളും താഴെ തട്ടിലേക്ക് എത്തിക്കാൻ വാട്സാപ്പ് ഗ്രൂപ്പ് വഴിയുള്ള പ്രവർത്തനങ്ങൾ സഹായകമായി

## കമ്മ്യൂണിറ്റി കിച്ചൻ

പോർക്കുളം പഞ്ചായത്തിലെ കമ്മ്യൂണിറ്റി കിച്ചൻ മാർച്ച് 28 നു പ്രവർത്തനം ആരംഭിച്ചു. കുടുംബശ്രീ കാറ്ററിംഗ് യൂണിറ്റിനു ആയിരുന്നു കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിരുന്നത്.

സർക്കാർ സുരക്ഷാ നിർദേശങ്ങൾ പൂർണമായും പാലിച്ചാണ് കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തിച്ചത്.

## <u>ലോക്ക് ഡൗൺ കാലത്തെ ക്രിയാത്മക പ്രവർത്തനങ്ങൾ</u>

- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് പണം കണ്ടെത്താൻ പാർസൽ ആയി പൊറോട്ടയും ചിക്കൻ കറിയും മിതമായ നിരക്കിൽ എല്ലാ കുടുംബങ്ങളിലേക്കും എത്തിച്ച് ഒന്നര ലക്ഷം രൂപ ദുരിതാശ്വാസ നിധിയിലേയ്ക്ക് അടച്ചു



ദുരിതാശ്വാസ നിധിയിലേക്ക്

**വീണ്ടും പോർക്കുളം കുടുംബശ്രീ; ഇത്തവണ പൊറോട്ടയും ചിക്കനും**

കുടുംബശ്രീ പ്രവർത്തകർ പാഴ്സലുകൾ തയ്യാറാക്കുന്നു

മോഹൻദാസ് എലത്തൂർ

പോർക്കുളം
മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് പണം കണ്ടെത്താൻ വേറിട്ട മാതൃകയുമായി കുടുംബശ്രീ പ്രവർത്തകർ. പൊറോട്ടയും ചിക്കൻ കറിയും പാഴ്സലായി വീടുകളിൽ മിതമായ നിരക്കിൽ എത്തിച്ചാണ് തുക കണ്ടെത്തിയത്. ഇങ്ങനെ സമാഹരിച്ച ഒന്നര ലക്ഷം രൂപ ദുരിതാശ്വാസ നിധിയിലേക്ക് നൽകി. കുടുംബശ്രീ [illegible], കാറ്ററിങ് സർവീസ്, ഷീ ലോഡ്ജ് എന്നി സംരംഭങ്ങളിലൂടെ സംസ്ഥാനത്ത് മാതൃകയായ പോർക്കുളം കുടുംബശ്രീ കോവിഡ് ദുരിതകാലത്തും സ്ത്രീശാക്തീകരണത്തിന് മാതൃക കാട്ടി.

കുടുംബശ്രീ ചെയർപേഴ്സൺ ശ്രീജ മണികണ്ഠൻ, വൈസ് ചെയർപേഴ്സൺ സിന്ധു ബാലൻ എന്നിവരുടെ മനസ്സിലുദിച്ച ആശയം വാട്സാപ്പിലൂടെ അയൽക്കൂട്ടങ്ങളുമായി പങ്കുവച്ചതോടെ മികച്ച പ്രതികരണമാണുണ്ടായത്. പഞ്ചായത്ത് പ്രസിഡന്റ് [illegible] ബാബു, വൈസ് ചെയർമാൻ കെ എം നാരായണൻ, ആരോഗ്യ വകുപ്പ് അധികൃതർ, കാറ്ററിങ് ഉടമകളായ മധു പുന്നത്തൂർ, ഷെക്കീർ എന്നിവർ വേണ്ട നിർദേശങ്ങൾ നൽകി. മൂന്ന് ദിവസംകൊണ്ട് മൂന്ന് ലക്ഷം രൂപയുടെ വിറ്റുവരവുണ്ടായി. നാല് പൊറോട്ടയും ചിക്കൻ കറിയും 100 രൂപയ്ക്കാണ് ആവശ്യക്കാർക്ക് വീടുകളിൽ എത്തിച്ചത്. ഓൺലൈനായാണ് ഓർഡറുകൾ സ്വീകരിച്ചത്.

- കൃഷി പ്രോത്സാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മുഴുവൻ കുടുംബശ്രീ അംഗങ്ങളുടെ വീടുകളിലേയ്ക്കും പച്ചക്കറി വിത്തുകൾ എത്തിച്ചു

- കുടുംബശ്രീ യൂണിറ്റുകൾ വഴി മാസ്ക്ക് നിർമ്മിച്ച് പ്രാഥമിക ആരോഗ്യകേന്ദ്രത്തിലേയ്ക്ക് വിതരണം ചെയ്തു

- കോവിഡ് കെയർ സെന്റർ ശുചീകരണ പ്രവർത്തനങ്ങളിൽ കുടുംബശ്രീ അംഗങ്ങൾ പങ്കെടുക്കുകയും അത് വഴി കിട്ടിയ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകുകയും ചെയ്തു.



- ❖ സർക്കാർ ഭഷ്യകിറ്റ് പാക്കിങ് പ്രവർത്തനങ്ങൾക്കു കുടുംബശ്രീ അംഗങ്ങൾ പങ്കാളികളായി

**<u>വായോ ജനങ്ങൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ</u>**

ആശ്രയ കുടുബത്തിലെ 60 വയസ്സിനു മുകളിൽ പ്രായം ഉള്ളവരുടെ വിവരങ്ങൾ 3 ദിവസം കൂടുമ്പോൾ അന്വേഷിച്ചു. അവർക്കു മരുന്ന് ഭക്ഷണം മറ്റു സഹായങ്ങൾ എന്നിവ എത്തിച്ചു.

**<u>ലോൺ</u>**

സർക്കാർ കോവിഡ് കാലത്ത് കുടുംബശ്രീ അംഗങ്ങൾക്ക് അനുവദിച്ച ലോൺ CMHLS പോർക്കുളത്ത് 128 അയൽക്കൂട്ടങ്ങളിലെ 1731 അംഗങ്ങൾക്ക് നൽകി

**<u>കുട്ടികൾക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ</u>**

ബാല കൃഷി പ്രോത്സാഹിപ്പിക്കാനായി ബാലസഭ കുട്ടികൾക്ക് വിത്തുകൾ നൽകി

## ഭാവി പ്രവർത്തനങ്ങൾ

- കുടുംബശ്രീ സൂപ്പർ മാർക്കറ്റ് ആരംഭിക്കുക
- മൃഗപരിപാലനവും കൃഷിയും പ്രോത്സാഹിപ്പിക്കുക
- മടങ്ങി എത്തുന്ന പ്രവാസികൾക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക

*******

സി.ഡി.എസ് ചെർപേഴ്സൺ : ശ്രീജ മണികണ്ഠൻ

Mob :7510554596

റിപ്പോർട്ട് തയ്യാറാക്കിയത് : വിശാഖ് എ.ജി, NRLM ബ്ലോക്ക് കോർഡിനേറ്റർ, ചൊവ്വന്നൂർ ബ്ലോക്ക്

Mob :8086673619